പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3970 15.12.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാർക്ക് അദർ ഡ്യൂട്ടി/ലൈറ്റ് ഡ്യൂട്ടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ നിലവിൽ ജൂനിയർ അസിസ്റ്റന്റ് ഒഴിവുകളിൽ മറ്റ് ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് അദർ ഡ്യൂട്ടി/ ലൈറ്റ് ഡ്യൂട്ടി ക്രമവിരുദ്ധമായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>2001-2003 കാലഘട്ടത്തിൽ ആശ്രിത നിയമനം മുഖേന കണ്ടക്ടർ തസ്തികയിൽ നിയമനം ലഭിച്ച വനിതാ ജീവനക്കാർക്ക് 01.02.12-ലെ PL 15/029031/11 ഉത്തരവ് പ്രകാരം ലൈറ്റ് ഡ്യൂട്ടി/അദർ ഡ്യൂട്ടിയിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ഡ്യൂട്ടി ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ സംബന്ധിച്ച് വിശദാംശം നൽകുമോ; | (ബി) | വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർ ഇത്തരത്തിൽ ജോലി ചെയ്യുമ്പോൾ അവരുടെ നേച്ചർ ഓഫ് വർക്ക് മാറുന്നതു മൂലം ക്വാളിഫയിംഗ് സർവ്വീസിൽ ഇത്തരം സർവ്വീസ് കൂട്ടാൻ കഴിയില്ല എന്ന ചട്ടം കെ.എസ്.ആർ.ടി. സി -യിൽ പാലിക്കാറുണ്ടോ; വിശദാംശം നൽകുമോ; | (സി) | പാലിക്കാറുണ്ട്. ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാർക്ക് ലൈറ്റ് ഡ്യൂട്ടി അനുവദിക്കുമ്പോൾ അവരവരുടെ ചാനലിൽ ഡ്യൂട്ടി ചെയ്യാൻ നിർദ്ദേശിക്കാറുണ്ട്. എന്നാൽ ചില ജീവനക്കാർക്ക് താഴ്ന്ന് തസ്തികയിൽ ലൈറ്റ് ഡ്യൂട്ടി അനുവദിക്കാറുണ്ട്. (പ്യൂൺ, പമ്പ് ഓപ്പറേറ്റർ, സ്റ്റോർ ഇഷ്യൂർ) ഇവരുടെ ലൈറ്റ് ഡ്യൂട്ടി കാലാവധി ഗ്രേഡ് പ്രൊമോഷന് പരിഗണിക്കാറില്ല. |
| (ഡി) | ഇത്തരത്തിൽ നൽകുന്ന അദർ ഡ്യൂട്ടി /ലൈറ്റ് ഡ്യൂട്ടികൾ 6 മാസം കഴിഞ്ഞാൽ സർവ്വീസായി പരിഗണിക്കാൻ പാടില്ല എന്ന് കെ. | (ഡി) യും | അദർ ഡ്യൂട്ടി/ലൈറ്റ് ഡ്യൂട്ടികൾ ആറ് മാസം കഴിഞ്ഞാൽ സർവ്വീസായി പരിഗണിക്കുവാൻ പാടില്ല എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | എസ്.ആർ.ടി. 2001-ൽ പുറപ്പെടുവിച്ച ഉത്തരവ് നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ; | (ഇ) യും | |
| (ഇ) | പ്രസ്തുത ഉത്തരവ് പിൻവലിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശവും, ഉത്തരവ് പിൻവലിയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

PL15/029031/2011

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം
തീയതി: 01.02.2012

## സർക്കുലർ മെമ്മോറാണ്ടം

വിഷയം: ആശ്രിത നിയമനം മുഖേന കണ്ടക്ടർ തസ്തികയിൽ നിയമിതരായ വനിതാ ജീവനക്കാർക്ക് ജോലി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന: ഈ ഓഫീസിലെ 05.01.2012 ലെ ഇതേ നമ്പരിലുള്ള സർക്കുലർ

2001-2003 കാലഘട്ടത്തിൽ ആശ്രിത നിയമനം വഴി ക്ലറിക്കൽ തസ്തികയിൽ ഒഴിവില്ലാത്തതിനാൽ കണ്ടക്ടർ നിയമനം നൽകിയ ബിരുദധാരികളല്ലാത്ത വനിതാ ജീവനക്കാർക്ക് വ്യക്തിഗത ആവശ്യം ഉന്നയിക്കുന്ന പക്ഷം light duty അനുവദിക്കാൻ സൂചന പ്രകാരം ഉത്തരവായിരുന്നു. ആയത് പുനർനിർണ്ണയം ചെയ്ത് താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

ചീഫ് ഓഫീസ് സർക്കുലർ മെമ്മോറാണ്ടം നം. PLA4/049873/99(3) dt:05.07.2000 പ്രകാരം കണ്ടക്ടേഴ്സിന്റെ light duty place ആയി define ചെയ്തിട്ടുള്ളത് Reservation, Coupon, Concession Counter, Station Master Assit on leave വേക്കൻസി ഇവയാണ്. ഡ്രൈവർമാരുടെ light duty ആയി നിഷ്കർഷിച്ചിട്ടുള്ളത്(Van duty, Jeep duty) V/S leave vacancy and shunting duty ഇവയാണ്. ഇവയിൽപ്പെടാതെ light duty യായി പല യൂണിറ്റുകളിൽ, ചീഫ് ആഫീസിലും, സ്റ്റോർ വിംഗ്, T&C Counter, EDP etc, വ്യക്തിഗത ആവശ്യപ്രകാരം ജോലി തുടരുന്നവർക്ക്, അങ്ങനെ തുടരുന്ന കാലഘട്ടം grade promotion യോഗ്യസേവന കാലമായി കണക്കാക്കുന്ന നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

ആശ്രിതനിയമനം വഴി ജോലി ലഭിച്ച 33 വനിതാ കണ്ടക്ടർമാർക്ക് PL15/029031/11, dt: 05.01.2012 പ്രകാരം G.P.Rule ലെ 9C ഉൾപ്പെട്ട നിബന്ധനകളോടെ ജോലിയിളവ് അനുവദിച്ച് ഉത്തരവ് നൽകിയിരുന്നു. എന്നാൽ 2001 മുതൽ 2003 വരെ കാലയളവിൽ ആശ്രിതനിയമനം സ്വീകരിച്ച വനിത കണ്ടക്ടർമാരുടെ പരാതി വിശദമായി പരിശോധിച്ചു. ഇവരെ നിയമിക്കുന്ന സമയത്ത് ക്ലെറിക്കൽ പോസ്റ്റിൽ ഒഴിവില്ലാതിരിക്കുകയും പിന്നീട് വിദ്യാഭ്യാസ യോഗ്യത S.S.L.C യിൽ നിന്നും ബിരുദമാക്കുകയും ചെയ്തതുമൂലം ഇവർക്ക് ജൂനിയർ അസിസ്റ്റന്റ് പോസ്റ്റിൽ നിയമനം ലഭ്യമാക്കാൻ കഴിയാതെ വന്ന സാഹചര്യമുണ്ടായി. ഈ കാരണം കണക്കിലെടുക്കുമ്പോൾ ഇവരുടെ പരാതി പരിഹരിക്കപ്പെടേണ്ടതാണെന്ന് ബോദ്ധ്യപ്പെടുകയും ഈ സാഹചര്യത്തിൽ അവരെ GP Rule 9C യുടെ പരിധിയിൽ നിന്നും ഒഴിവാക്കാൻ ഉത്തരവാകുന്നു.

| Sl.No. | Name | Unit |
|---|---|---|
| 1. | Raji.M.R | TSR |
| 2. | Sangeetha.V.S | TVM CTY |
| 3. | Divya.S.L | TVM CTY |
| 4. | Selindas.S.V | VZM |
| 5. | Sreeja.R | KNPY |
| 6. | Swpna.P.B | TSR |
| 7. | Sasikala.L | KLM |
| 8. | Jessymol.A | VKBN |
| 9. | Sangeetha.P.S | PPD |
| 10. | Jayasree.A.L | PPD |

9

| | | |
|---|---|---|
| 11. | Komalam.P.P | MVPA |
| 12. | Chithra.V.S | TVM CTY |
| 13. | Smitha.S.Nair | TVM CTY |
| 14. | Simi Satheesan | KLM |
| 15. | Saraniya Vijayan | KMR |
| 16. | Vijimol.V | MVKA |
| 17. | Bindu.S | ALY |
| 18. | Jayalekshmi.C | PPD |
| 19. | Bindu.E.S | PLA |
| 20. | Sheelamma.P.J | EKM |
| 21. | Rejitha.T.L | TVM CTY |
| 22. | Manju.G.L | TVM CTY |
| 23. | Divya.V.P | KLM |
| 24. | Santha Kumari.B | KTRA |
| 25. | Rejimol.S | KSGD |
| 26. | Remya.T.V | ALP |
| 27. | Sreeja.A.K | KKD |
| 28. | Sreedevi.K | SBY |
| 29. | Marry Treesa Varkey | PKDA |
| 30. | Retnamma.P | ALP |
| 31. | Sheeja.G | ADR |
| 32. | Rani.S.R | ADR |
| 33. | Madhusree.P.S | KNPY |

യൂണിറ്റാഫീസർ ഇവരെ T&C യിലും Store സെക്ഷനിലും നിയോഗിക്കാവുന്നതാണ്
യൂണിറ്റിലെ sanctioned strength exceed ചെയ്യാൻ പാടുള്ളതല്ല

മാനേജിങ് ഡയറക്ടർക്കു വേണ്ടി
ചീഫ് പേഴ്സണൽ മാനേജർ ഇൻ ചാർജ് ഓഫ്
എക്സിക്യൂട്ടീവ് ഡയറക്ടർ(അഡ്മിനി)

സെക്ഷൻ ഓഫീസർ